# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 510

19.03.2013 ൽ മറുപടിയ്ക്ക്

## ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ ക്രെഡിറ്റ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബെന്നി ബഹനാൻ<br>ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. ആർ. ശെൽവരാജ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ ക്രെഡിറ്റ് എന്ന സംവിധാനം രൂപീകരിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ ക്രെഡിറ്റ് എന്ന സംവിധാനം രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും സവിശേഷതകളും എന്തൊക്കെയാണ്; | (ബി) കാർഷിക മേഖലയിലെ സഹകരണ സംഘങ്ങളുടെ പ്രവർത്തനവും കാർഷിക മേഖലയിലെ സ്വാശ്രയ സംഘങ്ങളുടെ (Self help groups) പ്രവർത്തനവും ഏകോപിപ്പിക്കുന്നതിന് വിത്ത്, വളം, കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനം, വായ്പാ ലഭ്യത തുടങ്ങിയ കാർഷിക മേഖലയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും ഏകോപിപ്പിക്കുക എന്നതും കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുക എന്നതുമാണ് സംവിധാനത്തിന്റെ സവിശേഷത. ടി ഏജൻസിയുടെ ഉദ്ദേശ്യ ലക്ഷ്യം ചുവടെ ചേർക്കുന്നു. |

1 വായ്പ സഹകരണ സംഘങ്ങൾ വഴി കർഷകർക്ക് കാർഷിക വായ്പ നൽകുന്ന പ്രവർത്തനം സുഗമമാക്കുക

2 വായ്പ സഹകരണ സംഘങ്ങൾ മുഖേന സ്വയം സഹായ സംഘങ്ങളുടെ (Self help groups) പ്രവർത്തനം ത്വരിതപ്പെടുത്തുക.

3 കർഷകരുടെ സഹായത്തോടെ കാർഷിക മേഖലയെക്കുറിച്ച് സർവ്വേ, പഠനം എന്നിവ നടത്തി സർക്കാരിനും അധികാര സ്ഥാപനങ്ങൾക്കും റിപ്പോർട്ട് സമർപ്പിക്കുക

4 സ്വയം സഹായ സംഘങ്ങൾക്ക് മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുക

5 കൃഷി, മൈക്രോ ഫിനാൻസ് മേഖലയെക്കുറിച്ച് വിജ്ഞാപനം പ്രചരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

6 റിസർച്ച് ഡവലപ്മെന്റ് കേന്ദ്രങ്ങൾ ആരംഭിക്കുക

7 പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക

8 കർഷകർക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി സഹകരണ സ്ഥാപനങ്ങളിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ സെന്ററും, ലൈബ്രറികളും സ്ഥാപിക്കുകയും ആധുനിക വിജ്ഞാന മാധ്യമങ്ങൾ സ്ഥാപിക്കുകയും ചെയ്യുക.

9 സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളായ കർഷകർക്ക് വേണ്ടി സെമിനാർ, വർക്ക് ഷോപ്പ് പരിശീലനം എന്നിവ സംഘടിപ്പിക്കുക

10 സഹകാരികൾക്ക് വേണ്ടി തിരുവനന്തപുരത്ത് ഗസ്റ്റ് ഹൗസ് സ്ഥാപിച്ച് പ്രവർത്തിപ്പിക്കുക

11 സഹകരണ സ്ഥാപനങ്ങൾ മുഖേന പരിസ്ഥിതിക്ക് അനുയോജ്യമായ മാലിന്യ നിർമ്മാർജന പ്രോജക്ടുകൾ നടപ്പിലാക്കുക

12 സർക്കാർ നിർദ്ദേശിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുക.

(സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്;

(സി) ഈ സംവിധാനം നടപ്പിലാക്കുമ്പോൾ സംസ്ഥാന സഹകരണ ബാങ്ക്, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, ജില്ലാ സഹകരണ ബാങ്കുകൾ, പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ, കേരള കാർഷിക സർവ്വകലാശാല, പ്രൈമറി കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് അസോസിയേഷൻ, നബാർഡ് എന്നീ സ്ഥാപനങ്ങളുടെ സഹകരണം പ്രതീക്ഷിക്കുന്നു.

(ഡി) പ്രസ്തുത പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകിരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ഡി) "ഏജൻസി ഫോർ പ്രൊമോഷൻ ഓഫ് കോ-ഓപ്പറേറ്റീവ് അഗ്രിക്കൾച്ചർ ക്രെഡിറ്റ്" എന്ന നിർദ്ദിഷ്ട സ്ഥാപനത്തിന്റെ കരട് മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ